കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അരിമ്പൂർ ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

email: dotsr. ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ .എസ്. എ. ടി .എസ് .ആർ (പി2)1308/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ: 680 020

ഫോൺ: 0487 2331249
Email:dotsr.ksad@kerala.gov.in

തീയതി: 31.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അരിമ്പൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :അരിമ്പൂർ ഗ്രാമപഞ്ചായത്ത് -2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം. കെ .എസ്. എ. ടി .എസ് .ആർ (പി2)1308/2017 തീയതി: 31.08.2017

## <u>തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-11-16 മുതൽ 31-03-17 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം

പിരിവ്, അവയുടെ ഒടുക്ക്, 31-03-17 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.
(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ചേക്കുട്ടി.കെ.യു,<br>ഡെപ്യൂട്ടിഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.08.2017 മുതൽ<br>08.08.2017 വരെ |

ഓഡിറ്റ് നടത്തിയഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി.ലത.എം.എൻ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി.വിദ്യാ വിക്രമൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.സ്റ്റാൻലി.പി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജയൻ.വി.എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.സുജാത മോഹൻദാസ് | 01.04.16 മുതൽ 31.03.17 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|

| | |
|---|---|
| വി.അംബിക | 01.04.2016 മുതൽ 10.01.2017 വരെ |
| സലിൽ.എ.സോണി | 11.01.2017 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി എഞ്ചിനീയർ | സഖി.എൽ. | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | മിനി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി. എസ് സൂപ്പർ വൈസർ | ഗ്രെറ്റ കര്യൻ | 01.04.2016 മുതൽ 31.07.2016 വരെ |
| | ജിജി ജോർജ്ജ് | 01.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ, പി.എച്ച്.സി. | ഡോ.പ്രീതി.സി.ജെ. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.ഗംഗാദേവി.ഇ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.രേഖ.പി.രാഘവൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ്.അരിമ്പൂർ | രവീന്ദ്രൻ.ടി.എസ് | 01.04.2016 മുതൽ 29.09.2016 വരെ |
| | ഉഷാകുമാരി.വി. | 30.09.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഓ. മനക്കൊടി | രാഖി.എം.ആർ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ.അരിമ്പൂർ | സിന്ധു.കെ. | 01.04.2016 മുതൽ 08.01.2017വരെ |
| | ധന്യ.എ | 09.01.2017 മുതൽ 31.03.2017വരെ |
| അസി.സെക്രട്ടറി | പ്രദീപ്.കെ | 01.04.2016 മുതൽ 04.01.2017 വരെ |
| | തോമസ്.എ.എൽ | 05.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ബ്ലെസ്സി പോൾ | 01.04.2016 മുതൽ 02.02.2017 വരെ |
| | ഡോ.ദീപ.എൻ.ഡി | 03.02.2017 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മഞ്ജു.ബി | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ഡി ആന്റ് ഓ ലൈസൻസ് -അപാകതകൾ | 2-1 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-2 |
| 14 | കള്ള് ഷാപ്പുകൾ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ അടവാക്കാതെ പ്രവർത്തിക്കുന്നു. | 2-3 |
| | ഭാഗം 3 | |
| 15 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല | 3-1 |
| 16 | അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം,കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | 3-2 |
| 17 | കിണർ നിർമ്മാണം - മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചിട്ടില്ല | 3-3 |
| 18 | സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു | 3-4 |
| 19 | പെർഫോർമൻസ് ഓഡിറ്റ് നവീകരണം-തുക നല്കിയതിന് വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടില്ല | 3-5 |
| 20 | ഗ്രാമപഞ്ചായത്തിനു അവകാശപ്പെട്ട സ്ഥലത്ത് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചുറ്റുമതിൽ പണിതു | 3-6 |
| 21 | പഞ്ചായത്ത് ഭൂമി തിരിച്ചുപിടിക്കേണ്ടതാണ് | 3-7 |
| 22 | കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല | 3-8 |
| 23 | ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല | 3-9 |
| 24 | പഞ്ചായത്ത് ഭൂമി അളന്ന് തിട്ടപ്പെടുത്തൽ - തുക നല്കി ഒരു വർഷം കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല | 3-10 |
| 25 | മുറിച്ച് മാറ്റിയ മരങ്ങളുടെ ലേല നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല | 3-11 |
| 26 | പ്രിന്റിങ്ങ് ചാർജ്ജ് - ആദായനികുതി ഈടാക്കിയിട്ടില്ല | 3-12 |
| 27 | വെള്ളക്കരം അടവാക്കൽ -പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-13 |
| 28 | പണം മുഴുവൻ നൽകിയിട്ടും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ ഒന്നും തന്നെ ലഭ്യമായില്ല | 3-14 |
| 29 | പണം നൽകിയിട്ടും ഔഷധിയിൽനിന്നും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 3-15 |
| 30 | രസീതുകൾ ലഭ്യമാക്കിയിരുന്നില്ല | 3-16 |

| | | |
|---|---|---|
| 31 | വനിത വികസന കോർപ്പറേഷനിൽ നിന്നും സാധനങ്ങൾ ലഭ്യമായിട്ടില്ല | 3-17 |
| 32 | പണം നൽകിയിട്ടും റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ ലഭ്യമാക്കിയിട്ടില്ല | 3-18 |
| 33 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അർഹതപ്പെട്ട തൊഴിൽദിനങ്ങൾ ലഭിക്കുന്നില്ല | 3-19 |
| 34 | പൊതുമരാമത്തു പ്രവൃത്തികൾ ഒരു അവലോകനം | 3-20 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.16 തീയതിയിലെ 85/16 - ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 17,25,94,000/- രൂപയും ചെലവ് 16,86,04,395/- രൂപയുമാണ്. പുതുക്കിയ ബഡ്ജറ്റ് 17.03.2017 തീയതിയിലെ 5(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 27.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017 | 4/08/2017 |

വാർഷിക കണക്കിലെ അപാകത ചുവടെ ചേർക്കുന്നു

1)വസ്തു നികതി ഡിമാന്റ് (തൻവർഷം,കടിശ്ശിക), കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയർ, വാർഷിക കണക്ക് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻവർഷ കളക്ഷൻ അഡിജസ്റ്റ് ചെയ്തത് | അടുത്ത വർഷത്തേയ്ക്ക് കളക്ട് ചെയ്തത് | തൻവർഷത്തെ കളക്ഷൻ | വിമുക്ത ഭടന്മാരുടെ കെട്ടിട നികുതി ഇളവ് നല്കിയത് | തൻവർഷത്തെ യഥാർത്ഥ കളക്ഷൻ | ബാലൻസ് |
|---|---|---|---|---|---|---|---|---|
| | (1) | ( 2) | (3) | (4) | (5)=(2+3)-(4) | (6) | (7)=5 +6 | 8=(1)-(7) |
| സഞ്ചയ പ്രകാരം | 3681369 | 2415103 | 54464 | 221075 | 2248492 | 48976 | 2297468 | 1383901 |
| സാംഖ്യപ്രകാരം | 3632393 | 2415103 | 54464 | 221075 | 2248492 | സാംഖ്യ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 2248492 | 1383901 |

അരിയർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് (വന്നത് ) | ബാലൻസ് (വരേണ്ടത് ) |
|---|---|---|---|---|
| സഞ്ചയ പ്രകാരം | 2004932 | 1172317 | 832615 | 832615 |
| സാംഖ്യപ്രകാരം | 663201 | 1172317 | 832615 | -509116 |

2)പോസ്റ്റ് ഓഫീസ് അക്കൗണ്ട്, എസ്.ജി.ആർ.വൈ അക്കൗണ്ട് എന്നിവയുടെ പാസ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3)നാളിതുവരെ സൃഷ്ടിച്ച ആസ്തികൾ പൂർണ്ണമായി വാർഷിക കണക്കിൽഉൾപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കിലെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക, രസീറ്റ് & പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14408487 |
| വരവ് | 48006146 |
| ആകെ | 62414633 |
| ചെലവ് | 40163963 |
| നീക്കിയിരിപ്പ് | 22250670 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് (RP40b) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 11327303 | 11327303 | 9772708 | 1554595 | 0 | 86.28 |
| വികസനഫണ്ട് എസ്.സി.പി. | -- | 6687564 | 6687564 | 4396778 | 2290786 | 0 | 65.75 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 15687 | 15687 | 0 | 15687 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5775726 | 5775726 | 1155302 | 4620424 | 0 | 20.00 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3303561 | 3303561 | 682040 | 2621521 | 0 | 20.65 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6352138 | 6352138 | 2733558 | 3618580 | 0 | 43.03 |
| ലോകബാങ്ക് സഹായം | 0 | 3483749 | 3483749 | 939304 | 2544445 | 0 | 26.96 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 153 | 71699405 | 61 | 22313557 | 84 | 8 | 39.87 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 59.6 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

(കുറിപ്പ് – മുൻവർഷത്തെ മറ്റുവരവുകൾ എന്ന ഇനത്തിൽ പദ്ധതി വിഹിതത്തിന്റെ തുക കൂടി ഉൾപ്പെട്ടിട്ടുണ്ട്.)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2937570 | 4801240 | (+)1863670 | (+)63.44 |
| നികുതിയേതര വരവുകൾ | 1233293 | 962646 | (-)270647 | (-)21.95 |
| മറ്റുവരവുകൾ | 10577501 | 194856 | (-)10382645 | (-)98.16 |
| ആകെ | 14748364 | 5958745 | (-)8789619 | (-)59.60 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 210000 | 132 |
| കർഷകതൊഴിലാളി പെൻഷൻ | 7816580 | 848 |
| വിധവാപെൻഷൻ | 15881200 | 1347 |
| വാർദ്ധക്യകാലപെൻഷൻ | 21160035 | 2206 |
| വികലാംഗപെൻഷൻ | 3057305 | 328 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1704230 | 162 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15181 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ്

ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. ഫ്രണ്ട് ഓഫീസിൽ കുടിവെള്ള സൗകര്യവും വിശ്രമസൗകര്യവും ഒരുക്കിയിട്ടുണ്ട്. ടച്ച് സ്ക്രീൻ, ടോക്കൺ സിസ്റ്റം എന്നിവ ഒരുക്കിയിട്ടില്ല. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.03.2017 | 02/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.08.2016 | 2015-16 | 01.12.16 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഓ ലൈസൻസ് നൽകിയതിലെ അപാകതകൾ

ഡി & ഓ ലൈസൻസ് നൽകിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1) താഴെ പറയുന്ന സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപപത്രം ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | റൂം നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷകൻ |
|---|---|---|---|
| 1 | XV/49 | ടി.ഡി.ബേക്കറി, അരിമ്പൂർ 9HP | എൻ.ഡി.ത്രേസ്യാമ്മ |
| 2 | VII/309 | അല്ലേശ് റൈസ്മിൽ 200HP | ടിറ്റോ |
| 3 | XIII/168 | സെന്റ് മേരീസ് ഫ്ലവർ മിൽ 10HP | ഡെയ്സി ആന്റണി |
| 4 | V/232A | മകം റൈസ് മിൽ 10HP | സെലീന |
| 5 | XII/73 | ജെ.ജെ.എഞ്ചിനീയറിങ്ങ് 9HP | ജോണി.പി.കെ |
| 6 | IX/221 | പെന്റാ ബേക്കറി 15HP | സുരേഷ്.എം.വി |
| 7 | IX/221 | പെന്റാ ഫ്ലവർ മിൽ 12HP | ഷീബ സുരേഷ് |
| 8 | XVII/24 | സെന്റ് മേരീസ് ഫ്ലവർ മിൽ 10HP | ഫിലോമിന ഔസേഫ് |
| 9 | XVI/279 | ജോസ് പൈന്റിങ്ങ് വർക്സ് 10HP | ടി.സി.ജോസ് |
| 10 | XIV/312 | അന്തിക്കാട് ഫ്ലവർ & ഓയിൽ മിൽ 10HP | അനിൽ കുമാർ.എ.എൻ |
| 11 | IV/474 | ബോബൻ എഞ്ചിനീയറിങ്ങ് വർക്സ് | ബോബൻ |

| | | | |
|---|---|---|---|
| | | 7.5HP | |
| 12 | III/433 | എനാർക് എഞ്ചിനീയറിങ്ങ് 9HP | കെ.പി.ജോസ് |
| 13 | XV/46 | വാനവി പൌഡർ കോട്ടിങ്ങ് 10HP | ടി.വി.വിശ്വംഭരൻ |
| 14 | XIV/46A | സ്ക്വയർ എഞ്ചിനീയറിങ്ങ് 10HP | ഷിനോജ്.യു.ജി |
| 15 | XV | സൈമൽ എഞ്ചിനീയേഴ്സ് 15HP | പി.പി.ഡേവീസ് |
| 16 | IX/201 | യുണീക്ക് പാക്കേജിങ്ങ് 18.5HP | ടിന്നി സേവ്യർ |
| 17 | XV/288 | വിക്ടോറിയ പോളിഫാം 129HP | ഫിലിപ്പ്.എ.മുളയ്ക്കൽ |
| 18 | VII/395 | ബിനു സോമിൽ 40HP | പോൾ.പി.സി |
| 19 | I/312 | വിഷ്ണു ബോഡി വർക്സ് 11.5HP | വിശ്വംഭരൻ |
| 20 | I/315 | വിനീഷ് ബോഡി വർക്സ് 9.5HP | വിശ്വംഭരൻ |
| 21 | XV/40 | ഏബിൾ മെറ്റൽ പ്രോഡക്ട്സ് 20HP | ജിതേഷ്.യു.ജി |

2) വൈകി ലഭിക്കുന്ന ലൈസൻസ് അപേക്ഷകളിന്മേൽ ലേറ്റ് ഫീ ഈടാക്കുന്നത് സംബന്ധിച്ച വിവരം രജിസ്റ്ററിൽ ചേർക്കുന്നില്ല. 2017 ഏപ്രിൽ മാസം മുതൽ ലൈസൻസിനുള്ള 125 അപേക്ഷകളിന്മേൽ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഒന്നിലും ലേറ്റ് ഫീ ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തുന്നില്ല.

3) 2016-17വർഷത്തെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ആയതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്താൻ സാധിക്കുകയില്ല. 2017-18 വർഷത്തേക്കുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | റൂം നം. | ഡി&ഒാ ലൈസൻസ് അപേക്ഷപ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഹോട്ടൽ ഹിൽടോപ്പ് | XIII/4 | 12 ജീവനക്കാർ |
| 2 | കാപ്രികോൺസുപ്രീംട്രേഡേഴ്സ് | VI/457 | 25 ജീവനക്കാർ |
| 3 | വിക്ടോറിയ പോളിഫാം | XV/288 | 39 ജീവനക്കാർ |
| 4 | ഏബിൾ മെറ്റൽ പ്രോഡക്ട്സ് | XV/40 | 6 ജീവനക്കാർ |
| 5 | യുണീക്ക് പാക്കേജിങ്ങ്സ് | IX/201 | 8 ജീവനക്കാർ |

## 2-3 കള്ള് ഷാപ്പുകൾ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ അടവാക്കാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 02.10.16 ലെ R11549/16(1) നമ്പർ കത്ത് പ്രകാരം കള്ള് ഷാപ്പുകളിൽ നിന്ന് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് 17.10.16 ന് ചേർന്ന പഞ്ചായത്ത് കൗൺസിൽ യോഗത്തിലെ 340(11)/16 നമ്പർ തീരുമാനം എടുത്തിരുന്നു. നിലവിൽ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതും അല്ലാത്തതുമായ കള്ള്ഷാപ്പുകളെ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 3/02.08.17 നല്ല മറുപടിയിൽ, ലൈസൻസില്ലാതെ 3 കള്ള് ഷാപ്പുകൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. XVII/474, XV/173, II/47 എന്നീ നമ്പറുകളിലായി പ്രവർത്തിക്കുന്ന ഈ മൂന്ന് കള്ള് ഷാപ്പുകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല

പ്രോജക്ട് - പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി

പ്രോജക്ട് നമ്പർ - 40/17

നിർവ്വഹണം - അസി.സെക്രട്ടറി

ബിൽ നമ്പർ - 20/16-17 തീ.29.3.17 ,തുക - 300000/-

മേൽ ബിൽ പ്രകാരം 6 ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം പഠനമുറി നിർമ്മാണത്തിനായി മുൻകൂർ നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് /വിലാസം | നല്കിയ തുക |
|---|---|---|
| 1 | അനില കൊച്ചുമോൻ, ഓലക്കട ഹൗസ് | 50000 |
| 2 | സദ ജനാർദ്ധൻ,കല്ലയിൽ കൈപ്പിള്ളി | 50000 |
| 3 | ശകുന്തള വി.സി, വെളുത്തൂർ | 50000 |
| 4 | ഗീതു മോഹൻ, ചെറുകാട്ടിൽ, കുന്നത്തങ്ങാടി | 50000 |
| 5 | വിജയകുമാരി, കല്ലാറ പറമ്പിൽ, എറവ് | 50000 |
| 6 | സി.കെ.ലത, മനക്കൊടി | 50000 |
| | ആകെ | 300000 |

മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴപ്പറയുന്ന അപാകതകൾകാണുന്നു

1)6 ഗുണഭോക്താക്കളും പഠനമുറി നിർമ്മാണം പൂർത്തിയാക്കി അവസാനഗഡു കൈപ്പറ്റിയിട്ടില്ല.

2)സ.ഉ (സാധാ) നം.626/2016/തസ്വഭവ തീ.15.02.16 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എഞ്ചിനീയർ മെഷർമെന്റ് എടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ സദ ജനാർദ്ധനൻ എന്ന ഗുണഭോക്താവ് ഒഴികെ ആരും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

3)മേൽ ഉത്തരവ് പ്രകാരം, നിർമ്മിക്കുന്ന പഠന മുറിയ്ക്ക് 120 ചതുരശ്ര അടിയിൽക്കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സി.കെ ലത, മനക്കൊടി എന്ന ഗുണഭോക്താവ് നിർമ്മക്കുന്ന പഠന മുറിയ്ക്ക് പഞ്ചായത്ത് സെക്രട്ടറി നല്കിയ ബിൽഡിങ്ങ് നിർമ്മാണത്തിനുള്ള എൻ.ഒ.സി പ്രകാരം (എ3-2136/16/21.3.17) 70.93 ചതുരശ്ര അടി (6.59ച.മീx10.764=70.93 ചതുരശ്ര അടി) വിസ്തീർണ്ണമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

4) 6 ഗുണഭോക്താക്കൾക്കും മേൽ പ്രകാരം തുക ലഭിച്ചതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

## 3-2 അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം,കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് നമ്പർ /പ്രോജക്ട് | ബിൽ നമ്പർ | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 31/17/പ്രധാന മന്ത്രി ആവാസ് യോജന അധിക വിഹിതം (പട്ടിക ജാതി) | 8/16-17 /17.2.12 | 20000 | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |
| 2 | 164/17 /ഐ.എ.വൈ അധിക വിഹിതം (പട്ടിക ജാതി) | 9/16-17 /17.2.17 | 700000 | കൈപ്പറ്റ് രസീത് , വിനിയോഗ സാക്ഷ്യപത്രം |
| 3 | 33/17/കിണർ ആൾമറ കെട്ടൽ | 18/16-17 /29.3.17 | 45000/- (9 ഗുണഭോക്താക്കൾക്ക് 5000രൂപ വീതം) | കൈപ്പറ്റ് രസീത് , |
| 4 | 32/17/കിണർ നിർമ്മാണം | 23/16-17 /29.3.17 | 102000/- (6ഗുണഭോക്താക്കൾക്ക് 17000രൂപ വീതം) | കൈപ്പറ്റ് രസീത് |
| 5 | 40/17/പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | 20/16-17 /29.3.17 | 300000/- (6ഗുണഭോക്താക്കൾക്ക് 50000രൂപ വീതം) | കൈപ്പറ്റ് രസീത് |
| 6 | 26/17/വിവാഹ ധനസഹായം | 21/16-17 /29.2.17 | 300000/- (6ഗുണഭോക്താക്കൾക്ക് 50000രൂപ വീതം) | കൈപ്പറ്റ് രസീത് |
| 7 | 27/17/ഭവന പുനരുദ്ധാരണം | 1)19/16-17 /29.3.17<br>2)24/16-17 /29.3.17 | 350000/- (14ഗുണഭോക്താക്കൾക്ക് 25000രൂപ വീതം)<br>100000/- (4ഗുണഭോക്താക്കൾക്ക് 25000രൂപ വീതം) | കൈപ്പറ്റ് രസീത് |
| | ആകെ | | 1917000/- | |

മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 കിണർ നിർമ്മാണം - മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പൂർണ്ണമായി

<u>പാലിച്ചിട്ടില്ല</u>

പ്രോജക്ട് - കിണർ നിർമ്മാണം

പ്രോജക്ട് നമ്പർ - 32/16-17

നിർവ്വഹണം - അസി.സെക്രട്ടറി

ബിൽ നമ്പർ - 23/16-17 തീ.29.3.17 ,തുക – 102000/-

മേൽ പദ്ധതിയുടെ നടത്തിപ്പിൽ ജി.ഒ (എം.എസ്) നം. 4/2016/തസ്വഭവ തീ.11.01.2016 അനുബന്ധം 15 -3.5 (1) പ്രകാരമുള്ള താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ചുകാണുന്നില്ല.

1)ടിപ്പിക്കൽ എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം

2)മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. അർഹത ഉറപ്പ് വരുത്തിയിട്ടില്ല.

3)മഴവെള്ളം റീ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എം.ജി .എൻ.ആർ .ഇ.ജി എസിൽ ചെയ്യേണ്ടതാണ്. റീ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കിയതായി കാണുന്നില്ല.

4)എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം ചെയ്ത പ്രവർത്തിയുടെ വിശദമായ അളവെടുപ്പ് നടത്തിയതിന്റെ അടിസ്ഥനത്തിൽ അല്ല തുക നല്കിയിട്ടുള്ളത്.

5 )പദ്ധതിയുടെ ഗുണഭോക്താക്കളായ 6 പേർക്ക് 17000/- രൂപ വീതം നല്കിയതിന്റെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.

മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചുകൊണ്ട് പദ്ധതി നർവ്വഹണം നടത്തേണ്ടതാണ് അല്ലാത്തപക്ഷം ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-4 <u>സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു</u>

പ്രോജക്ട് - കുടുംബശ്രീ ഓണം വിപണന മേള

പ്രോജക്ട് നമ്പർ - 36/16-17

നിർവ്വഹണം - അസി.സെക്രട്ടറി

ബിൽ നമ്പർ - 1 /16-17 തീ.26.10.16 ,തുക -39975/- (വികസന ഫണ്ട്)

ഗ്രാമ പഞ്ചായത്ത് 9/9/16 മുതൽ 13/9/16 വരെ നടത്തിയ കുടുംബശ്രീ ഓണം വിപണന മേളയ്ക്ക് പന്തൽ നിർമ്മാണം, സൗണ്ട് സിസ്റ്റം, നോട്ടീസ്, ഭക്ഷണം, ഫോട്ടോ എന്നിവയ്ക്കുവേണ്ടിയാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. ജി.ഒ (എം.എസ്) നം. 4/2016/തസ്വഭവ തീ.11.01.2016 അനുബന്ധം 15-7.7പ്രകാരം ഉല്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്ക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ പഠനയാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ലയെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മേൽ പ്രകാരം തുക ചെലവഴിച്ചത് ഓഡിറ്റിൽ നിരാകരിക്കുന്നു .

ഓഡിറ്റ് എൻക്വയറി നമ്പർ 20/7.8.17

## 3-5 <u>പെർഫോർമൻസ് ഓഡിറ്റ് നവീകരണം-തുക നല്കിയതിന് വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പെർഫോർമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി സീനി.സൂപ്രണ്ട്, പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റ് -3, തൃശ്ശൂരിന് വൗച്ചർ നമ്പർ 21600645/28.9.16 പ്രകാരം 10000/- രൂപ നല്കിയിട്ടുണ്ട്. സ.ഉ(എം.എസ്)നം.188/2015 /തസ്വഭവ തീ.8/6/15 ഖണ്ഡിക (ഡി)പ്രകാരം ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന് ലഭ്യമാക്കണം എന്ന് നിർദ്ദേശിച്ചിരുന്നു ആയത് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പ്ര 12/4.8.17)

## 3-6 ഗ്രാമപഞ്ചായത്തിനു അവകാശപ്പെട്ട സ്ഥലത്ത് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചുറ്റമതിൽ പണിതു.

അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ വെളുത്തൂർ വില്ലേജ് സർവ്വെ നമ്പർ 146/4ൽ പെട്ട 3ഏക്കർ 8സെന്റ് സ്ഥലം വർഷങ്ങളോളമായി പഞ്ചായത്തിന്റെ അധീനതയിലും കൈവശത്തിലുമാണ്. ടിസ്ഥലത്തിന്റെ വടക്കുവശത്ത് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. 2011ൽ യാതൊരു മുന്നറിയിപ്പുമില്ലാതെ ആർ.ടി.ഒ ഉദ്യോഗസ്ഥരും സ്വകാര്യ ഡ്രൈവിംഗ് സ്കൂൾ സ്ഥാപനങ്ങളും അനധികൃതമായി കയ്യേറി അവിടെ ഡ്രൈവിംഗ് ടെസ്റ്റും ആർ.ടി.ഒ ടെസ്റ്റും നടത്തിവന്നിരുന്നു. ഇതിനെതിരെ പഞ്ചായത്തുസമിതിയുടെ നേതൃത്വത്തിൽ ഇവരെ ഒഴിവാക്കാൻ നോട്ടീസ് കൊടുത്തിട്ടുള്ളതുമാണ്.

ബഹു.ജില്ലാ കളക്ടറുടെ ഓഫീസിൽ വെച്ച് 7-3-13ൽ ബഹു.മണലൂർ എം.എൽ.എ, ബഹു.ഡെപ്യൂട്ടി കളക്ടർ, അരിമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തഹസിൽദാർ, വില്ലേജ് ഓഫീസർ, കെയ്ക്കോ ഡിവിഷണൽ എഞ്ചിനീയർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ആർടിഒ എന്നിവരുടെ നേതൃത്വത്തിൽ യോഗം നടത്തുകയും ടി യോഗത്തിൽ 1ഏക്കർ 40സെന്റ് സ്ഥലം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനും ബാക്കിവരുന്ന 1ഏക്കർ 68 സെന്റ് പഞ്ചായത്തിന്റെ വികസനപ്രവർത്തനത്തിനുമായി മാറ്റിയിടാമെന്ന് ജില്ലാ കളക്ടർ തീരുമാനിച്ചിട്ടുള്ളതുമാണ്. എന്നാൽ ഈ തീരുമാനം മറികടന്ന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 3ഏക്കർ 8സെന്റ് സ്ഥലത്ത് ചുറ്റമതിൽ പണിതു. പഞ്ചായത്തിനു അവകാശപ്പെട്ട സ്ഥലത്ത് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മതിലുകെട്ടാൻ ഉണ്ടായ സാഹചര്യം പരിശോധിച്ച് പഞ്ചായത്തിനു അവകാശപ്പെട്ട സ്ഥലം അതിര് തിരിച്ചിടാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പഞ്ചായത്ത് ഭൂമി തിരിച്ചുപിടിക്കേണ്ടതാണ്

എറവ് വില്ലേജ് സർവ്വേ നമ്പർ 282/1 ൽ ഉൾപ്പെട്ട പഞ്ചായത്ത് പുറമ്പോക്ക് ഭൂമി എരണിപുറത്ത് മാധവിയമ്മ മകൻ ഹരിദാസൻ കൈവശംവച്ച് കെട്ടിടം നിർമ്മിച്ചതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന 24.09.2016 ലെ WP©448©2016E നമ്പറായി കോടതിപുറപ്പെടുവിച്ച ഉത്തരവു പ്രകാരം 27.10.2016 നു മുമ്പ് കെട്ടിടം പൊളിച്ചുമാറ്റി കയ്യേറിയ ഭൂമി പഞ്ചായത്തിനു വിട്ടുകൊടുക്കണമെന്നു നിർദ്ദേശിച്ചിരുന്നു. ഇതുപ്രകാരം ഭൂമി തിരിച്ചുപിടിക്കേണ്ടതാണ്.

## 3-8 കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല

2016-17 വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിൽ താഴെപ്പറയുന്ന ചെലവുകൾക്ക് കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | തുക | കൊടുത്ത സ്ഥാപനം | ചെലവിന്റെവിവരം |
|---|---|---|---|---|
| 1 | Soo 45/17 | 103232 | IKM | DDNo.951904 |
| 2 | Soo 162/17 | 33572 | KSEB, Electrical Section, Arimboor | Cheque no.016233 |
| ആകെ | | 136804 | | |

കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

## 3-9 ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല.

KL-8/AX-6909 നമ്പറിലുള്ള പഞ്ചായത്തിന്റെ മഹീന്ദ്ര ബൊലേറോ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) മാസം തോറുമുള്ള സംക്ഷിപ്തം എഴുതിയിരിക്കുന്നത് പ്രകാരം ഡീസൽ ടാങ്കിൽ അതിന്റെ ശേഷിയേക്കാൾ അധികം ഡീസൽ അവശേഷിച്ചിരുന്നതായി കാണുന്നു.

ഉദാഹരണം - 2016 സെപ്തംബർ - 77.26

ഒക്ടോബർ – 87.01

നവംബർ - 77.68

2017 ഫെബ്രുവരി - 96.20

മാർച്ച് - 89.28

പരമാവധി 60 ലിറ്റർ മാത്രം ശേഷിയുള്ള ടാങ്കിൽ ഇത്രയും ഡീസൽ അവശേഷിക്കുന്നത് യുക്തിസഹമല്ല.

2) ജി.ഒ.(എം.എസ്) 113/2003/ഫിൻ/24.02.2003, റൂൾ 9 പ്രകാരം ഫുൾടാങ്ക് ഡീസൽ നിറയ്ക്കണമെന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല. ഡീസൽ നിറയ്ക്കുമ്പോൾ മേൽനോട്ടം വഹിക്കുന്നയാളുടെ പേരും ഒപ്പും രേഖപ്പെടുത്തി കാണുന്നില്ല.

3) അറ്റകുറ്റപ്പണികൾ നടത്തിയ വിവരങ്ങളുടെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-10 പഞ്ചായത്ത് ഭൂമി അളന്ന് തിട്ടപ്പെടുത്തൽ - തുക നല്കി ഒരു വർഷം കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് 16-ാം വാർഡിലെ സർവ്വെ നമ്പർ 115/4,116ൽ പ്പെട്ട ചാലുകുളം - പള്ളിക്കുളത്തിന്റെ അതിരുകൾ അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള ചാർജായി വൗച്ചർ നമ്പർ 216000059/15.4.16 പ്രകാരം 2100/- രൂപ അഡീ.തഹസിൽദാർ, തൃശ്ശൂരിന് നല്കിയിട്ടുണ്ട്. ടി പ്രവർത്തി തുക നല്കി ഒരു വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ലയെന്നാണ് ഓഡിറ്റ് എൻക്വയറി നമ്പ്ര 10/4.8.17നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത് . ടി പ്രവർത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 മുറിച്ച്മാറ്റിയ മരങ്ങളുടെ ലേല നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് 4-ാം വാർഡിലെ ഐ.സി.ഡി.എസ് സബ് സെന്ററിനോട് ചേർന്ന കെട്ടിടത്തിന് ഭീഷണിയായി നിന്ന 4 പാഴ്മരങ്ങളും ,കൃഷി ഭവനോട് ചേർന്ന് കെട്ടിടത്തിന് ഭീഷണിയായി നിന്നിരുന്ന ഒരു പ്ലാവും മുറിച്ച് മാറ്റിയ വകയിൽ വൗച്ചർ നമ്പ്ര 21600604/9.9.16 പ്രകാരം 7000/- രൂപയും, 14-ാം വാർഡിലെ 118-ാം നമ്പർ അംഗനവാടി കെട്ടിടത്തിനോട് ചേർന്ന കെട്ടിടത്തിന് ഭീഷണിയായി നിന്നിരുന്ന മാവ് മുറിച്ച് മാറ്റിയതിന് വൗച്ചർ നമ്പ്ര 21600605/9.9.16 പ്രകാരം 5000/- രൂപയും പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്യതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി നമ്പ്ര 10/4.8.17പ്രകാരം ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് കൺസർവേറ്റർ സാക്ഷ്യപ്പെടുത്തിയ വാല്യുവേഷൻ സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടുണ്ടെന്നും ലേല നടപടികൾ സ്വീകരിക്കുന്നതിന് 23/12/16 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ലേല നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതും വിലയുള്ള തടി വിറകായി മാറുന്ന അവസ്ഥ ഒരുക്കാതിരിക്കുകയും, പരമാവധി മൂല്യം ലഭിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

## 3-12 പ്രിന്റിങ്ങ് ചാർജ്ജ് - ആദായനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ 2016-17 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പ്രിന്റിങ്ങ് ചാർജ്ജിനത്തിൽ ഈസി പ്രിന്റേഴ്സ്, മാരാർ റോഡ്, തൃശ്ശൂർ എന്നസ്ഥാപനത്തിന് നല്കിയ ഏതാനും ബില്ലുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പ്ര/തീയ്യതി | തുക | പ്രിന്റ് ചെയ്യ ഇനം |
|---|---|---|---|
| 1 | 21600066/19.4.16 | 3000 | ഗ്രാമ സഭ നോട്ടീസ് |

| | | | |
|---|---|---|---|
| 2 | 21600067/19.4.16 | 10200 | ഗ്രാമ സഭ നോട്ടീസ് (സോഷ്യൽ ഓഡിറ്റ്) |
| 3 | 21600068/19.4.16 | 5600 | അയൽസഭ നോട്ടീസ് |
| 4 | 21600275/24.6.16 | 10200 | ഗ്രാമ സഭ നോട്ടീസ് |
| 5 | 21600276/24.6.16 | 5400 | ഗ്രാമ സഭ ബാനർ |
| 6 | 21600623/20.9.16 | 16850 | വികസന സെമിനാർ നോട്ടീസ് പ്രിന്റിങ്ങ് & കരട് പദ്ധതി രേഖ പ്രിന്റിങ്ങ് |
| 7 | | 12300 | അന്തിമ പദ്ധതി രേഖ 2016-17 |
| 8 | | 1660 | കാർഷിക വികസന പ്രാജക്റ്റുകളുടെ അപേക്ഷഫോം |
| 9 | | 12000 | വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ ഫോം |
| 10 | | 7650 | ഗ്രാമ സഭ നോട്ടീസ് |
| | ആകെ | 84860 | |

ടിയാളിൽ നിന്ന് ആദായനികുതി വകുപ്പ് 194 (സി) പ്രകാരമുള്ള ആദായ നികുതി ഈടാക്കിയിട്ടില്ല.

## 3-13 വെള്ളക്കരം അടവാക്കൽ -പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല

പ്രതിമാസം 175 പൊതു ടാപ്പുകൾക്ക് വെള്ളക്കര ഇനത്തിൽ 76563/- രൂപ കേരള വാട്ടർ അതോറിറ്റിയ്ക്ക് അടവാക്കി വരുന്നു. വാട്ടർ അതോറിറ്റിയും പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1ൽ ടി വിഷയം പരാമർശിച്ചിരുന്നുവെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ടി വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-14 പണം മുഴുവൻ നൽകിയിട്ടും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ ഒന്നും തന്നെ ലഭ്യമായില്ല.

പ്രൊജക്ട് നം. 93/16-17, തുക – 5,12,000/-
പദ്ധതിയുടെ പേര് – പാലിയേറ്റീവ് കെയർ പദ്ധതി
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, അരിമ്പൂർ

2016-2017 സാമ്പത്തിക വർഷത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ നിന്നും വകയിരുത്തിയ മൂന്നു ലക്ഷത്തി പന്ത്രണ്ടായിരം രൂപ ട്രഷറി ബിൽ മുഖേനയും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച രണ്ട് ലക്ഷം രൂപ ഡി.ഡി മുഖേനയും (D.D.No.809706) കേരള മെഡിക്കൽ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതുവരെയും മരുന്നുകൾ ഒന്നും ലഭ്യമായിട്ടില്ല. ഇതിനെ കുറിച്ച് ഓഡിറ്റ് എൻക്വയറി നം.15/04.08.17 മുഖേന ആരാഞ്ഞപ്പോൾ സ്ഥാപനവുമായി ബന്ധപ്പെട്ടെന്നും രണ്ടുമാസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പണം മുഴുവൻ നൽകിയിയിട്ടും നാളിതുവരെ മരുന്നുകൾ ലഭ്യമാകാതെ വരുന്നത് ശരിയല്ല. പണം നൽകുന്നതിനു മുൻപെ മരുന്നുകൾ ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് സ്ഥാപനവുമായി വ്യക്തമായ കരാറിൽ ഏർപ്പെടണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.
മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവഴിച്ച തുകയായ 5,12,000/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായാൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 3-15 പണം നൽകിയിട്ടും ഔഷധിയിൽനിന്നും മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

പ്രൊജക്ട് നം. 53/16-17, തുക – 3,75,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

05/01/2017 ൽ ഡിമാൻറ് ഡ്രാഫ്റ്റ് നമ്പർ 952984 മുഖേന ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനുവേണ്ടി ഔഷധിയിലേക്ക് മൂന്നു ലക്ഷത്തിഎഴുപത്തിയഞ്ചായിരം രൂപ കൈമാറിയിരുന്നു. എന്നാൽ പദ്ധതിയുടെ കാലാവധി കഴിഞ്ഞ് മാസങ്ങൾ ആയിട്ടും ഇനിയും 80216/- രൂപ വിലക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി നം.13/03.08.17 മുഖേന ആരാഞ്ഞപ്പോൾ ഒന്നിലേറെ തവണ ഔഷധിയിലേക്ക് ഓർമ്മക്കുറിപ്പുകൾ അയച്ചെന്നും ഉടൻ ലഭ്യമാകുമെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം വരുന്നത് അഭിലഷണീയമല്ലെന്നും സ്ഥാപനവുമായി മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനെ സംബന്ധിച്ച് വ്യക്തമായ കരാറിൽ ഏർപ്പെടണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു. മരുന്നുകൾ ലഭ്യമാകുന്നതു വരെ 80,216/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 രസീതുകൾ ലഭ്യമാക്കിയിരുന്നില്ല

2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയെന്ന പദ്ധതിയുടെ ഭാഗമായി പന്ത്രണ്ടായിരം രൂപ വിലയുള്ള 20 ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഫയലിൽ ആനുകൂല്യം ലഭിച്ചവരുടെ കൈപ്പറ്റ് രസീതികൾ ഉണ്ടായിരുന്നില്ല. ഇതിനെകുറിച്ച് ഓഡിറ്റ് എൻക്വയറി നം.18/04.08.17 മുഖേന ആരാഞ്ഞപ്പോൾ രസീതികൾ പിന്നീട് ഹാജരാക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ആനുകൂല്യം ലഭിച്ചവരുടെ സാക്ഷ്യപത്രങ്ങൾ പദ്ധതി ഫയലിനോടൊപ്പം തന്നെ സൂക്ഷിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-17 വനിതാ വികസന കോർപ്പറേഷനിൽ നിന്നും സാധനങ്ങൾ ലഭ്യമായിട്ടില്ല

പ്രൊജക്ട് നം. 135/16-17

നിർവ്വഹണ ഉദ്യോഗസ്ഥ – ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്, അരിമ്പൂർ

2016-17 സാമ്പത്തിക വർഷത്തെ പ്രോജക്ട് നമ്പർ S0135/17, സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വാങ്ങൽ എന്ന പദ്ധതിക്കായി 35,000/- രൂപ വകയിരുത്തുകയും അതിൽ പതിനേഴായിരത്തി അഞ്ഞൂറ് (17,500/-) രൂപ 16/02/2017 ന് വനിതാ വികസന കോർപ്പറേഷൻ A/c.No.33810483408, SBI തിരുവനന്തപുരത്തേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കോർപ്പറേഷൻ നാളിതുവരെയും പാഡുകൾ ലഭ്യമാക്കിയിട്ടില്ല. ഇതിനെക്കുറിച്ച് ഓഡിറ്റ് എൻക്വയറി മുഖേന ആരാഞ്ഞപ്പോൾ സ്ഥാപനവുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും പാഡുകൾ എത്രയും പെട്ടെന്ന് വിതരണം ചെയ്യാമെന്ന് കോർപ്പറേഷൻ സമ്മതിച്ചിട്ടുണ്ടെന്നും ഹെഡ്മിസ്ട്രസ്സ് അറിയിക്കുകയുണ്ടായി. സമൂഹത്തിൽ സാധാരണ പെൺക്കുട്ടികളുടെ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ ശരിയായ ഗുണം ഇത്തരം കാലതാമസത്തിലൂടെ ലഭിക്കാതെ വരുന്നത് അഭിലഷണീയമല്ല എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

പാഡുകൾ ലഭ്യമാക്കി വിദ്യാർത്ഥിനികൾക്ക് വിതരണം ചെയ്യുന്നതുവരെ ചെലവഴിച്ച തുകയായ 17,500/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.17/04.08.17)

## 3-18 പണം നൽകിയിട്ടും റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം. 84/16-17, തുക – 3,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

നൂറ്റി ഇരുപത് വീടുകൾക്ക് രണ്ടായിരത്തി അഞ്ഞൂറ് രൂപ വിലയുള്ള റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിച്ച് നൽകുക എന്ന പ്രൊജക്ടിനുവേണ്ടി സോഷ്യോ എക്കോണമിക്ക് യൂണിറ്റ് ഫൌണ്ടേഷനുമായി കരാറിൽ ഏർപ്പെടുകയും പദ്ധതിതുകയുടെ ഇരുപത് ശതമാനമായ അറുപതിനായിരം രൂപ സ്ഥാപനത്തിന് കൈമാറുകയും ഉണ്ടായിട്ടുണ്ട്. എന്നാൽ നാളിതുവരെ കമ്പോസ്റ്റ് യൂണിറ്റുകൾ ഒന്നും തന്നെ കൈമാറുകയോ വിതരണം ചെയ്യുകയോ ഉണ്ടായിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി നം.16/04.08.17 നു ലഭ്യമായ മറുപടിയിൽ വി.ഇ.ഒ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനത്തിനു കൈമാറിയ തുകയുടെ തൊണ്ണൂറ് ശതമാനം ഉപയോഗിച്ച് കഴിയുമ്പോൾ അടുത്ത ഗഡു നൽകുന്നതനുസരിച്ച് ഏജൻസി പണി പൂർത്തീകരിക്കുമെന്ന് രേഖാമൂലം അറിയിച്ചുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. കമ്പോസ്റ്റ് യൂണിറ്റുകൾ ലഭ്യമാക്കുകയും വിതരണം നടത്തുകയും ചെയ്യുന്നതു വരെ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുകയായ 60,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-19 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അർഹതപ്പെട്ട തൊഴിൽദിനങ്ങൾ ലഭിക്കുന്നില്ല.

2005-ൽ ഇന്ത്യൻ പാർലമെൻറ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2 ന് രാജ്യത്ത് ഉടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി 2008 –ഓടെ നമ്മുടെ രാജ്യത്തെ എല്ലാ ജില്ലകളിലും ഗ്രാമീണ മേഖലകൾ ഈ നിയമത്തിൻറെ പരിധിയിൽ വന്നു കഴിഞ്ഞിട്ടുണ്ട്. ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേൻമയുള്ളതും ഉത്പാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.
എന്നാൽ അരിമ്പൂർ പഞ്ചായത്തിൽ 2016-17 സാമ്പത്തികവർഷത്തിൽ തൊഴിലാളികൾക്ക് ശരാശരി 55 തൊഴിൽദിനങ്ങൾ മാത്രമേ നൽകിയിട്ടുള്ളൂ. ആകെ മുന്നൂറ്റി അമ്പത് സജീവ തൊഴിലാളികളിൽ അറുപത്തിയൊമ്പത് പേർക്ക് മാത്രമേ നൂറ് തൊഴിൽദിനങ്ങൾ ലഭ്യമായിട്ടുള്ളൂ. തൊഴിലുറപ്പ് പദ്ധതിയിൽ പേര് ചേർക്കപ്പെട്ട എല്ലാ തൊഴിലാളികൾക്കും നൂറ് തൊഴിൽദിനങ്ങൾ ലഭ്യമാക്കണമെന്നും സമൂഹത്തിൽ ദുർബ്ബലാവസ്ഥയുള്ളവരുടെ കാര്യത്തിൽ യാതൊരു ഉപേക്ഷയും പാടില്ലെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 3-20 പൊതുമരാമത്തു പ്രവൃത്തികൾ ഒരു അവലോകനം

അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ 2016-17വർഷത്തിൽ വിഭാവനം ചെയ്തു നടപ്പാക്കിയ പൊതുമരാമത്തുപ്രവർത്തികളുടെ ഒരവലോകനം താഴെ കൊടുക്കുന്നു.

മൊത്തം 69 പദ്ധതികൾക്കാണ് തുക വകയിരുത്തിയിരുന്നത്. ഇതിൽ 39 പദ്ധതികളാണ് നടപ്പിലാക്കിയത്. ആകെ വകയിരുത്തിയിരുന്നത് 21022345 രൂപയും ചെലവഴിച്ചത് 5938204 രൂപയുമാണ്. വകയിരുത്തിയതിന്റെ 28.25% മാത്രമാണ് ചെലവഴിക്കാനായത്. എന്നുവച്ചാൽ 2016-17 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതികൊണ്ട് ഉദ്ദേശിച്ച ഫലം പഞ്ചായത്തിലെ ജനങ്ങൾക്കു ലഭിക്കാതെപ്പോയി എന്നാണ്. വിഭാവനം ചെയ്തതുപോലെ പദ്ധതികൾ നടപ്പാക്കുവാനും ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,00,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ളസ്കോളർഷിപ്പ് | 1,99,375 | 625 |
| | | 50,00,000 | കുടിവെള്ള പദ്ധതി | 0 | 50,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2,00,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ളസ്കോളർഷിപ്പ് | 1,99,375 | 625 |
| | | 1,00,000 | നെൽവിത്തിന് സബ്സിഡി | 1,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻവാർഡ്1 | 21300720/28.10.13 | 28,996 | 0 | 28,996 |
| | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റെൻഷൻ | 41300396/25.03.14 | 34,500 | 0 | 34,500 |
| വാട്ടർഅതോറിറ്റി | ചക്കിമുന കുടിവെള്ള പദ്ധതി | 21401229/31.03.15 | 7,20,000 | 0 | 7,20,000 |
| | സമഗ്ര കുടിവെള്ളപദ്ധതി | 21401257/31.03.15 | 47,00,000 | 0 | 47,00,000 |

| | | | | | |
|---|---|---|---|---|---|
| | നാല് സെന്റ് കുടിവെള്ളപദ്ധതി | 21401230/31.03.15 | 5,80,000 | 0 | 5,80,000 |
| | മുനയം റോഡ് കുടിവെള്ളപദ്ധതി | 21401231/31.03.15 | 8,72,000 | 0 | 8,72,000 |
| | അംബേദ്കർ കുടിവെള്ളപദ്ധതി | 21401232/31.03.15 | 7,45,000 | 0 | 7,45,000 |
| | വടക്കുംപുറം കുടിവെള്ളപദ്ധതി | 41500217/31.3.16 | 1750000 | 0 | 1750000 |
| | താണിപ്പറമ്പ് കുടിവെള്ള പദ്ധതി | 41500218/31.3.16 | 1358000 | 0 | 1358000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

(കുറിപ്പ് – 2015-16 വർഷത്തിൽ 20,000/- രൂപ വായ്പ എടുത്തത് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരുന്നില്ല.)

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന വായ്പ | സ.ഉ2063/2010 ത.സ്വ.ഭ.വ. 22.6.2010 | | 446350 | 446350 | - | 0 |
| | 2016-17 | 45000 | - | - | - | 45000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4500 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2-6(1) | 600 | ഉണ്ണികൃഷ്ണൻ.പി.ആർ, പള്ളിപ്പുറത്തുകാരൻ | 11601104331/01.1.16 |
| | | 900 | | 11601104332/01.12.16 |
| | 2.6(2) | 600 | വാസുദേവൻ.കെ.കെ | 11601104342/01.12.16 |
| | | 900 | | 11601104343/01.12.16 |
| | 2.6(3) | 600 | ഷിബു.എ.ഡി, അവിട്ടത്തുകാരൻ | 11601104377/03.12.16 |
| | | 900 | | 11601104378/03.12.16 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,80,06,146 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,01,63,963 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39,975 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,96,716 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർച്ചാർജ്ജ് | |
| ഖണ്ഡിക 3-4 | - | 39,975 | പ്രദീപ്.കെ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 39,975 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 300000 | തോമസ്.എ.എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 19,17,000 | തോമസ്.എ.എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 10,000 | തോമസ്.എ.എൽ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 5,12,000 | ഡോ.പ്രീതി.സി.ജെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-15 | 80,216 | ഡോ.ഗംഗാദേവി.ഇ.കെ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-17 | 17,500 | ഉഷാകുമാരി.വി, ഹെഡ്മിസ്ട്രസ്, യു.പി.എസ്, അരിമ്പൂർ |
| 3-18 | 60,000 | സിന്ധു.കെ, വി.ഇ.ഒ |
| ആകെ | 28,96,716 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്/ഉദ്യോഗപ്പേര് | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രദീപ്.കെ, അസിസ്റ്റന്റ്സെക്രട്ടറി | സെക്രട്ടറി, പാണഞ്ചേരി ഗ്രാമപഞ്ചായത്ത് | കൊമ്പിയിൽ ഹൗസ്, സീതാറാം മിൽലെയ്ൻ, പൂങ്കുന്നം, തൃശ്ശൂർ. |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 86-87&87-88 | എൽ.എഫ്.ടി.9-1376/91/2.11.91 |
| 90-91 | എൽ.എഫ്.ടി.9-817/94/17.5.95 |
| 91-92 | എൽ.എഫ്.ടി.9-31/96/21.4.96 |
| 92-93&93-94 | എൽ.എഫ്.ടി.9-60/96/25.5.96 |
| 94-95 | എൽ.എഫ്.ടി.21-1508/2000/2.12.00 |
| 95-96&96-97 | എൽ.എഫ്.ടി.12-703/04/28.10.04/12.1.05 |
| 97-98 | എൽ.എഫ്.ടി.12-109/05/22.4.05/14.11.05 |
| 98-99(വരവ്) | എൽ.എഫ്.ടി.12-1103/05/21.12.05/8.5.06 |
| 98-99(ചെലവ്) | എൽ.എഫ്.ടി.12-1502/00/3.11.00/5.2.01 |
| 99-00(ചെലവ്) | എൽ.എഫ്.ടി.12-724/03/1.9.03/2.1.04 |
| 99-00(വരവ്) | എൽ.എഫ്.ടി.12-1104/05/21.12.06/8.5.06 |

| | |
|---|---|
| 00-01(ജനകീയാസൂത്രണം) | എൽ.എഫ്.ടി.12-1724/03/8.2.04/9.5.04 |
| 01-02 | എൽ.എഫ്.ടി.12-861/08/23.7.09 |
| 02-03 | എൽ.എഫ്.ടി.12-862/08/23.7.09 |
| 03-04 | എൽ.എഫ്.ടി.12-588/10/4.5.11/13.10.11 |
| 04-05 | എൽ.എഫ്.ടി.12-589/10/4.5.11/13.10.11 |
| 05-06 | എൽ.എഫ്.ടി.12-541/10/28.9.11/18.10.11 |
| 06-07 | എൽ.എഫ്.ടി.12-542/10/28.9.11/4.11.11 |
| 07-08 | എൽ.എഫ്.ടി.പി.6-858/11/21.11.11/18.5.12 |
| 08-09,09-10,10-11 | എൽ.എഫ്.ടി.പി.2-2020/12/8.3.13/14.6.14 |
| 11-12 | എൽ.എഫ്.ടി.പി.2-1097/13/8.11.13/ 7.2.14 |
| 12-13 | എൽ.എഫ്.ടി.പി2-569/14/10.1.14/12.1.15 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.(പി1)491/15, 22.9.15/17.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ.(പി2)918/16, 12.06.16 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ (പി2) 2202/16, 16.01.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## <u>അനുബന്ധം 1</u>

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.(പി2)1308/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 31.08.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No. KSA-TSR(P2)1308/2017

Kerala State Audit Department

District Audit Office,
Thrissur- 680 020

Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 31.08.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Arimbur Gramapanchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Arimbur Grama Panchcyat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur.